**കാലിക്കറ്റ് സർവകലാശാല**

നമ്പർ. 133376/DOA-ASST-8/2025/Admn

തീയതി: 25.06.2025

**<u>സർക്കുലർ</u>**

സൂചന :- 2024-25 ബാച്ച് നാല്വ വർഷ ബിരുദ പ്രോഗ്രാമിന്റെ മൂന്നാം സെമസ്റ്ററിൽ പഠിക്കുന്ന വിദ്യാർഥികളിൽ നിന്നും ഇൻറർ കോളേജ് മേജർ മാറ്റം / മേജർ നിലനിർത്തികൊണ്ടുള്ള കോളേജ് ട്രാൻസ്ഫർ എന്നിവ സംബന്ധിച്ച സർവകലാശാല വിജ്ഞാപനം - കോളേജുകൾ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച്.

1) 2024–25 ബാച്ച് നാല്വ വർഷ ബിരുദ പ്രോഗ്രാമിന്റെ മൂന്നാം സെമസ്റ്ററിൽ പഠിക്കുന്ന വിദ്യാർഥികളിൽ നിന്നും ഇൻറർ കോളേജ് മേജർ മാറ്റം / മേജർ നിലനിർത്തികൊണ്ടുള്ള കോളേജ് ട്രാൻസ്ഫർ എന്നിവയ്ക്കുള്ള അപേക്ഷ ക്ഷണിച്ചിരിക്കുന്നു.

2) 25.06.2025 5pm മുതൽ 28.06.2025 5pm വരെ, അഡ്മിഷൻ വിഭാഗത്തിന്റെ പോർട്ടലിൽ (https://admission.uoc.ac.in/) ലഭ്യമായ FYUGP COLLEGE / UNIVERSITY TRANSFER എന്ന ലിങ്ക് ക്ലിക്ക് ചെയ്ത്, വിദ്യാർത്ഥികൾ ക്യാപ്പ് ഐഡി, സെക്യൂരിറ്റി കീ എന്നിവ ഉപയോഗിച്ച് ലോഗിൻ ചെയ്ത ശേഷം അപേക്ഷ സമർപ്പിക്കാവുന്നതാണ്.

3) ഇന്റർ കോളേജ് മേജർ മാറ്റം / മേജർ നിലനിർത്തിക്കൊണ്ടുള്ള കോളേജ് ട്രാൻസ്ഫർ എന്നിവ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളും, ആവശ്യമായ സഹായവും അതാത് കോളേജുകളിലെ അക്കാഡമിക് കോർഡിനേറ്റമാരും, അഡ്മിഷൻ നോഡൽ ഓഫീസമാരും വിദ്യാർത്ഥികൾക്ക് നൽകേണ്ടതാണ്.

4) ഈ സർക്കുലറിനൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള വിജ്ഞാപനം, മാർഗ്ഗ നിർദ്ദേശം, ഷെഡ്യൂൾ എന്നിവ കോളേജുകൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണ്.

Dr.Sebastian C.D

ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻ.

UNIVERSITY OF CALICUT
(DOA)

No: 133376/DOA-ASST-8/2025/Admn Dated,Calicut University P.O 25.06.2025

## വിജ്ഞാപനം

2024–25 ബാച്ച് നാലു വർഷ ബിരുദ പ്രോഗ്രാമിന്റെ മൂന്നാം സെമസ്റ്ററിൽ പഠിക്കുന്ന വിദ്യാർഥികളിൽ നിന്നും ഇൻറർ കോളേജ് മേജർ മാറ്റം / മേജർ നിലനിർത്തികൊണ്ടുള്ള കോളേജ് ട്രാൻസ്ഫർ എന്നിവയ്ക്കുള്ള അപേക്ഷ ക്ഷണിച്ചിരിക്കുന്നു. ഇൻറർ കോളേജ് മേജർ മാറ്റം / മേജർ നിലനിർത്തികൊണ്ടുള്ള കോളേജ് ട്രാൻസ്ഫർ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഓൺലൈൻ വഴി അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷ തികച്ചും സൗജന്യമാണ്. ഓട്ടോണമസ് കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഉൾപ്പടെ അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഒരു വിദ്യാർത്ഥിക്ക് പരമാവധി പത്ത് കോളേജ് – മേജർ ഓപ്ഷനുകൾ തെരഞ്ഞെടുക്കാവുന്നതാണ്.

| | |
|---|---|
| വെബ്സൈറ്റ് | https://admission.uoc.ac.in/ |
| ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിക്കുന്ന തീയതി | 25.06.2025 – 5 p.m |
| അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി | 28.06.2025 – 5 p.m |

CUFYUGP റെഗുലേഷന്റെ പരിധിയിൽ വരാത്ത പ്രോഗ്രാമുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അപേക്ഷ സമർപ്പിക്കുന്നതിന് അർഹത ഉണ്ടായിരിക്കുന്നതല്ല. നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ റെഗുലേഷൻ , ഇൻറർ കോളേജ് മേജർ മാറ്റം / കോളേജ് മാറ്റം എന്നിവ സംബന്ധിച്ച സർവകലാശാലാ നിയമങ്ങൾ അപേക്ഷകർക്ക് ബാധകമായിരിക്കുന്നതാണ്.

Dr. Denoj Sebastian

Registrar

**ഇൻററർ കോളേജ് മേജർ മാറ്റം / മേജർ നിലനിർത്തിക്കൊണ്ടുള്ള കോളേജ് ട്രാൻസ്ഫർ എന്നിവ സംബന്ധിച്ച മാർഗ്ഗനിർദേശങ്ങൾ.**

1) വിവിധ അഫിലിയേറ്റഡ് കോളേജുകളിൽ നിലനിൽക്കുന്ന സീറ്റ് വേക്കൻസി സർവകലാശാല വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സീറ്റ് വേക്കൻസി നിലനിൽക്കുന്ന കോളേജ് / പ്രോഗ്രാമിലേക്ക് മാത്രമേ വിദ്യാർത്ഥികൾ അപേക്ഷ സമർപ്പിക്കാൻപാടുള്ളൂ.

2) ഇൻററർ കോളേജ് മേജർ മാറ്റം / കോളേജ് മാറ്റം എന്നവയ്ക്കായി സമർപ്പിക്കുന്ന അപേക്ഷകളിലെ ഒന്ന് , രണ്ട് സെമസ്റ്റർ SGPA അടക്കമുള്ള വിവരങ്ങൾ കൃത്യമാണെന്നും പിശകില്ലാത്തതാണെന്നും അപേക്ഷാ സമർപ്പണവേളയിൽ വിദ്യാർത്ഥികൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. തെറ്റായ വിവരങ്ങളോടെ സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ നിരസിക്കപ്പെടുന്നതാണ്.

3) മേജർ/മൈനർ/എം.ഡി.സി. മാറ്റങ്ങളോടെയുള്ള കോളേജ് ട്രാൻസ്ഫർ മൂന്നാം സെമസ്റ്ററിൽ മാത്രമേ അനുവദിക്കുകയുള്ളൂ.

4) മെറിറ്റ്/ മാനേജ്മെന്റ് പരിഗണിക്കാതെ ബന്ധപ്പെട്ട കോളേജുകളിലെ ഒഴിവുകളുടെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികൾക്ക് കോളേജ് ട്രാൻസ്ഫർ അനുവദിക്കുന്നതാണ്. എന്നാൽ, റീ-അഡ്മിഷനും കോളേജ് ട്രാൻസ്ഫറും ഒരേസമയം അനുവദിക്കുന്നതല്ല.

5) കോളേജ് ട്രാൻസ്ഫർ വഴി പ്രവേശനം നേടുന്ന വിദ്യാർത്ഥികൾ നിർബന്ധമായും മുൻ സെമസ്റ്ററിൽ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തിരിക്കണം. Discontinued / Year out ആയ വിദ്യാർത്ഥികൾക്ക് കോളേജ് ട്രാൻസ്ഫർ അനുവദിക്കുന്നതല്ല. പഠനകാലയളവിൽ ഒരു തവണ മാത്രമേ കോളേജ് ട്രാൻസ്ഫർ അനുവദിക്കൂ.

6) ഒന്ന്, രണ്ട് സെമസ്റ്ററുകളിലെ മൈനറിൽ കുറഞ്ഞത് നാല് ക്രെഡിറ്റുകളും (in the case of switching to minor) എം.ഡി.സി. -യിൽ മൂന്ന് ക്രെഡിറ്റുകളും (in the case of switching to MDC) നേടിയ വിദ്യാർത്ഥികൾക്ക് മാത്രമേ മേജർ മാറ്റത്തോടുകൂടിയുള്ള കോളേജ് ട്രാൻസ്ഫറിന് അർഹതയുള്ളൂ.

7) ഓട്ടോണമസ് കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും ഓട്ടോണമസ് പദവിയില്ലാത്ത മറ്റ് അഫിലിയേറ്റഡ് കോളേജുകളിലേക്ക് മേജർ / കോളേജ് മാറ്റത്തിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

8) ഓട്ടോണമസ് പദവിയില്ലാത്ത കോളേജുകളിൽ നിന്ന് ഓട്ടോണമസ് കോളേജുകളിലേക്കുള്ള കോളേജ് ട്രാൻസ്ഫറിനായി, വിദ്യാർത്ഥികൾ ബന്ധപ്പെട്ട സ്വയംഭരണ കോളേജിനെ സമീപിക്കേണ്ടതാണ്.

9) ഇന്റർ കോളേജ് മേജർ മാറ്റം / മേജർ നിലനിർത്തിക്കൊണ്ടുള്ള കോളേജ് ട്രാൻസ്ഫർ എന്നിവ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്കും , സംശയനിവാരണത്തിനുമായി കോളേജുകളിലെ അക്കാഡമിക് കോർഡിനേറ്റമാരുടെയും , അഡ്മിഷൻ നോഡൽ ഓഫീസമാരുടെയും സഹായം വിദ്യാർത്ഥികൾക്ക് ആവശ്യപ്പെടാവുന്നതാണ്.

10) CUFYUGP റെഗുലേഷന്റെ പരിധിയിൽ വരാത്ത പ്രോഗ്രാമുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അപേക്ഷ സമർപ്പിക്കുന്നതിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

11) ഇൻറർ കോളേജ് മേജർ മാറ്റം / കോളേജ് മാറ്റം എന്നിവ നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ റെഗുലേഷൻ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്.

12) മേൽ പറഞ്ഞ നിയമങ്ങളിലും വ്യവസ്ഥകളിലും ഉൾപ്പെടാത്ത വിഷയങ്ങൾ സർവകലാശാലയുടെ അന്തിമ തീരുമാനത്തിന് വിധേയമാണ്.

UNIVERSITY OF CALICUT

**(DOA)**

No: 133376/DOA-ASST-8/2025/Admn

Dated,Calicut University P.O 25.06.2025

**Schedule for Inter College Major Switching and College Transfer 2025**

| Sl No | Activity | Date & Time |
|---|---|---|
| 1 | Commencement of Online registration | 25.06.2025 5 P.M |
| 2 | Closing date of receipt of applications | 28.06.2025 5 P.M |
| 3 | Publication of Rank list | 02.07.2025 12 P.M |
| 4 | Completion of college transfers, with and without Major switching | 05.07.2025 5 PM |
| 5 | Reporting the details of students who have changed colleges, with and without major switching, along with the existing vacancies in the University. | 07.07.2025 5 PM |